**പന്ത്രണ്ടാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2118 10.10.2011 ൽ മറുപടിക്ക്

**പടിയൂർ, കാട്ടൂർ, പൂമംഗലം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| (എ) | പടിയൂർ, കാട്ടൂർ. പൂമംഗലം പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള പടിയൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | (എ) തൃശ്ശൂർ ജില്ലയിലെ പടിയൂർ, കാട്ടൂർ. പൂമംഗലം പഞ്ചായത്തുകൾക്കുവേണ്ടിയുള്ളതും 2789 ലക്ഷം രൂപ അടങ്കൽ തുകയുള്ളതുമായ കുടിവെള്ള പദ്ധതിയുടെയും വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് നബാർഡിൻെറ പരിഗണനയിലാണ്. പദ്ധതിക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 29.09.2011 ൽ നബാർഡിൻെറ ടീം വന്ന് നിർദ്ദിഷ്ട സ്ഥലങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി പ്രസ്തുത പദ്ധതിക്ക് നബാർഡിൻെറ അംഗീകാരം ലഭിച്ച ശേഷം 2012 ജനുവരിയിൽ ആരംഭിച്ച് ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൈകൊള്ളേണ്ട നടപടികൾ പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയതിനുശേഷം നടപ്പിലാക്കുന്നതാണ്. |
| സി | ഇനിയും എന്തെല്ലാം നടപടിക്രമങ്ങളും ജോലികളുമാണ് ഈ പദ്ധതിയുടേതായി ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ ? | സി പ്രസ്തുത പദ്ധതിക്കുള്ള സാങ്ഷൻ നബാർഡിൽ നിന്നും ലഭ്യമായതിനുശേഷം സർക്കാരിൽ നിന്നും ഭരണാനുമതിയും കേരള വാട്ടർ അതോറിററിയിൽ നിന്നും സാങ്കേതിക അനുമതിയും നൽകേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**